**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3079** **04-08-2021 - ൽ മറുപടിയ്ക്ക്**

**സിവിൽ ഡെത്തായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2020 ഓഗസ്റ്റ് മാസം ഇടുക്കി ജില്ലയിലെ പെട്ടിമുടിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ കാണാതായ നാല് പേരുടെ മൃതദേഹം ഇതുവരെ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രകൃതി ദുരന്തങ്ങളിൽ കാണാതായി മൃതദേഹം ലഭിക്കാതെ വരുന്നവരെ സിവിൽ ഡെത്തായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | ഇന്ത്യൻ തെളിവ് നിയമത്തിന്റെ വകുപ്പ് 108 പ്രകാരം സിവിൽ മരണത്തിന്റെ അനുമാനം എന്നത് സാധാരണയായി ഏഴ് വർഷം കഴിയുമ്പോഴാണ്. എന്നാൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നും സഹായം ലഭിക്കുവാനും മറ്റും കാണാതായ വ്യക്തികൾ മരണപ്പെട്ടതായി കണക്കാക്കാറുണ്ട്. ഇതിനായി പോലീസും, റവന്യൂ വകുപ്പും സംയുക്തമായി സ്ഥലത്ത് പരിശോധന നടത്തി മരണപ്പെട്ടതായി കരുതുന്ന വ്യക്തികളുടെ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരോട് സംസാരിച്ച് ഓരോ വ്യക്തിയേയും സംബന്ധിച്ച തീരുമാനം കൈകൊണ്ട് ദുരന്ത നിവാരണ വകുപ്പിന് ശുപാർശ ചെയ്യും. പ്രസ്തുത ശുപാർശ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും ഇന്റലിജെൻസ് ADGP, നിയമ സെക്രട്ടറി, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി എന്നിവർ അടങ്ങുന്ന സമിതി പരിശോധിച്ച് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. ഈ തീരുമാന പ്രകാരം നിയമപരമായ പിന്തുടർച്ചക്കാർക്ക് SDRF/CMDRF/PMNRF സഹായം, മറ്റ് സർക്കാർ സഹായങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്ക് വ്യക്തി മരണപ്പെട്ടതായി കണക്കാക്കുവാനാണ് അനുമതി നൽകുന്നത്. |
| (സി) | പെട്ടിമുടിയിൽ കാണാതായ മൃതദേഹം ലഭിക്കാത്ത 4 പേരേയും മരണപ്പെട്ടതായി കണക്കാക്കി സിവിൽ ഡെത്ത് ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (സി) | ഇന്ത്യൻ തെളിവ് നിയമത്തിന്റെ വകുപ്പ് 108 പ്രകാരം സിവിൽ മരണത്തിന്റെ അനുമാനം എന്നത് സാധാരണയായി ഏഴ് വർഷം കഴിയുമ്പോഴാണ്. എന്നാൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നും സഹായം ലഭിക്കുവാനും മറ്റും കാണാതായ |

| | | | |
|---|---|---|---|
| | | | വ്യക്തികൾ മരണപ്പെട്ടതായി കണക്കാക്കാറുണ്ട്. ഇതിനായി പോലീസും, റവന്യൂ വകുപ്പും സംയുക്തമായി സ്ഥലത്ത് പരിശോധന നടത്തി മരണപ്പെട്ടതായി കരുതുന്ന വ്യക്തികളുടെ കുടുംബാംഗങ്ങൾ, സുഹൃത്തുകൾ എന്നിവരോട് സംസാരിച്ച് ഓരോ വ്യക്തിയേയും സംബന്ധിച്ച തീരുമാനം കൈകൊണ്ട് ദുരന്ത നിവാരണ വകുപ്പിന് ശുപാർശ ചെയ്യും. പ്രസ്തുത ശുപാർശ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും ഇന്റലിജെൻസ് ADGP, നിയമ സെക്രട്ടറി, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി എന്നിവർ അടങ്ങുന്ന സമിതി പരിശോധിച്ച് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. ഈ തീരുമാന പ്രകാരം നിയമപരമായ പിന്തുടർച്ചക്കാർക്ക് SDRF/CMDRF/PMNRF സഹായം, മറ്റ് സർക്കാർ സഹായങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്ക് വ്യക്തി മരണപ്പെട്ടതായി കണക്കാക്കുവാനാണ് അനുമതി നൽകുന്നത്. |
| (ഡി) | പ്രഖ്യാപനം നടത്തുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | ഇന്ത്യൻ തെളിവ് നിയമത്തിന്റെ വകുപ്പ് 108 പ്രകാരം സിവിൽ മരണത്തിന്റെ അനുമാനം എന്നത് സാധാരണയായി ഏഴ് വർഷം കഴിയുമ്പോഴാണ്. എന്നാൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നും സഹായം ലഭിക്കുവാനും മറ്റും കാണാതായ വ്യക്തികൾ മരണപ്പെട്ടതായി കണക്കാക്കാറുണ്ട്. ഇതിനായി പോലീസും, റവന്യൂ വകുപ്പും സംയുക്തമായി സ്ഥലത്ത് പരിശോധന നടത്തി മരണപ്പെട്ടതായി കരുതുന്ന വ്യക്തികളുടെ കുടുംബാംഗങ്ങൾ, സുഹൃത്തുകൾ എന്നിവരോട് സംസാരിച്ച് ഓരോ വ്യക്തിയേയും സംബന്ധിച്ച തീരുമാനം കൈകൊണ്ട് ദുരന്ത നിവാരണ വകുപ്പിന് ശുപാർശ ചെയ്യും. പ്രസ്തുത ശുപാർശ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും ഇന്റലിജെൻസ് ADGP, നിയമ സെക്രട്ടറി, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി എന്നിവർ അടങ്ങുന്ന സമിതി പരിശോധിച്ച് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. ഈ തീരുമാന പ്രകാരം നിയമപരമായ പിന്തുടർച്ചക്കാർക്ക് SDRF/CMDRF/PMNRF സഹായം, മറ്റ് സർക്കാർ സഹായങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്ക് വ്യക്തി മരണപ്പെട്ടതായി കണക്കാക്കുവാനാണ് അനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ